# Holy Voice

## Parish Bullettin


**ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം**

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 11 മെയ് 2014



**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കളളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


**പേജുകളിലൂടെ...**


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| നുറുങ്ങുവിചാരം | 9 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 11 |
| എന്തുനല്ലമ്മ...എന്നുടെ അമ്മ | 13 |
| ജാലകത്തിലൂടെ | 15 |
| ബാലപംക്തി | 16 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 21 |
| മതബോധനം | 25 |
| ഇരുമെയ്യാണെങ്കിലും | 26 |
| നിങ്ങൾക്കറിയാമോ? | 28 |
| ആരോഗ്യ ചിന്തകൾ | 29 |
| സഭാവാർത്തകൾ | 31 |
| കളറിംഗ് മത്സരം | 33 |
| പിന്നിട്ടലോകം | 35 |
| ബൈബിൾ കലണ്ടർ | 36 |




# ഹോളി വോയ്സ്





## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പാരിഷ് ബുള്ളറ്റിൻ

മെയ് 2014

| തിയ്യതി | ഇടവക ഡയറി – മെയ് 2014 | സമയം |
|---|---|---|
| 01 | മെയ് ദിനം<br>തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ<br>മാതാവിന്റെ വണക്ക മാസം ആരംഭം<br>കുട്ടികളുടെ ആദ്യ കുർബ്ബാന സ്വീകരണവും സ്ഥൈര്യ ലേപനവും | 8.00 a.m. |
| 02 | മാസാദ്യ വെള്ളിയാഴ്ച ആചരണം | |
| 03 | അമ്മമാർക്കുള്ള സെമിനാർ | 2.30 p.m. |
| 04 | ഉയിർപ്പ് 3-ാം ഞായർ | |
| 09 | വെള്ളിയാഴ്ച ആചരണം | |
| 10 | മാതൃസംഘം മീറ്റിങ്ങ്<br>സെന്റ് ജോൺ കപ്പേളയിൽ തിരുനാൾ | 3.00 p.m.<br>5.00 p.m. |
| 11 | ഉയിർപ്പ് 4-ാം ഞായർ<br>പ്രതിനിധിയോഗം | 8.00 a.m. |
| 16 | വെള്ളിയാഴ്ച ആചരണം | |
| 18 | ഉയിർപ്പ് 5-ാം ഞായർ<br>കുടുംബകൂട്ടായ്മകളുടെ വാർഷികം | |
| 23 | വെള്ളിയാഴ്ച ആചരണം | |
| 24 | ക്രിസ്ത്യാനികളുടെ സഹായമായ പ.മറിയത്തിന്റെ തിരുനാൾ | |
| 25 | ഉയിർപ്പ് 6-ാം ഞായർ<br>ഫ്രാൻസിസ്കൻ അൽമായ സമൂഹം മീറ്റിങ്ങ് | 8.00 a.m. |
| 30 | വെള്ളിയാഴ്ച ആചരണം | |
| 31 | മാതാവിന്റെ വണക്കമാസം കാലം കൂടൽ<br>ഉണ്ണിമിശിഹാ കപ്പേളയിൽ നൊവേന | 5.30 p.m. |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 02-05-2014 | അരങ്ങൻ ആന്റണി ചാർളി – മുംബൈ |
| 09-05-2014 | കള്ളാപറമ്പിൽ ദേവസ്സി ടോമി |
| 16-05-2014 | വെള്ളാനിക്കാരൻ സന്ദീപ് ഇമ്മാനുവേൽ, ചേലൂർ |
| 23-05-2014 | എലുവത്തിങ്കൽ അന്തോണി ഔസേപ്പ്, പല്ലിശ്ശേരി |
| 30-05-2014 | കുറ്റിക്കാടൻ വറീത് ദേവസ്സി |

# എഡിറ്റോറിയൽ



കേരളീയരെ സംബന്ധിച്ചിടത്തോളം മെയ്മാസം വേനലിന്റെ ഉച്ചസ്ഥായി ആണ്. ഒരു തുള്ളി വെള്ളത്തിനായി കേഴുന്ന പ്രകൃതിയെ പാത്രീകരിക്കുന്ന മാസമായും മെയ് മാസത്തെ വിലയിരുത്താവുന്നതാണ്. കൊടും ചൂടിന്റെ വറുതിയിൽ വേവുമ്പോഴും വരാനിരിക്കുന്ന മഴക്കാലത്തെക്കുറിച്ചുള്ള പ്രതീക്ഷയാണ് ഓരോ കേരളീയന്റെയും മനസ്സു നിറയെ. ഈയൊരു സാഹചര്യത്തെ, പാപപങ്കിലമായ ജീവിതത്തിൽനിന്നും പ്രത്യാശയുടെ കിരണം തേടിയുള്ള നമ്മുടെ സഞ്ചാരപഥത്തോടു താരതമ്യം ചെയ്യാം. മനുഷ്യാവസ്ഥയുടെ ബലഹീനതകൾ നമ്മെ പാപാവസ്ഥയുടെ എരിതീയിൽ കൊണ്ടുചെന്നെത്തിക്കുന്നു. ഭൗതിക സമ്പത്തിന്റെ മോഹനവലയത്തിൽ പെടുന്നതോടെ അത് എരിതീയിൽ എണ്ണയൊഴിക്കുന്നതിനു തുല്യമാകുന്നു. മനുഷ്യൻ സഹജഭാവത്തിൽനിന്നും പാപാവസ്ഥയിലേക്കു വഴിമാറുന്നു. അവന്റെ ജീവിതത്തിൽ കൊടുംവേനലിന്റെ കാഠിന്യമാണ് നിറഞ്ഞു നിൽക്കുന്നത്. ശാന്തിയും സമാധാനവും നഷ്ടപ്പെടുന്ന അവനിൽനിന്ന് പരസ്നേഹവും ദൈവസ്നേഹവും അപ്രത്യക്ഷമാകുന്നു, ബന്ധങ്ങളിൽ ശൈഥില്യം സംഭവിക്കുന്നു. അവസാനം തമ്പുരാന്റെ മുന്നിൽ അവൻ അവനല്ലാതാകുന്നു. എന്നാൽ അതിരില്ലാത്ത ദൈവസ്നേഹം അവന്റെ നേർക്ക് പ്രത്യാശയുടെ കിരണം നീട്ടുന്നു. തികഞ്ഞ പശ്ചാത്താപത്തോടെ പാപങ്ങളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുമ്പോൾ ജീവിതവേനലിനറുതി വരുത്തിക്കൊണ്ടുള്ള കുളിർമഴയുടെ സാന്ത്വന സ്പർശങ്ങൾ അവന്റെ ജീവിതത്തിൽ യാഥാർത്ഥ്യമാവുകയാണ്. പാപസാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുവാൻ ഓരോ ക്രൈസ്തവനും ഉത്തരവാദിത്വമുണ്ട്. കാരണം യേശുവിന്റെ തിരുരക്തത്താൽ വിലയ്ക്കുവാങ്ങപ്പെട്ടവരാണ് നാമോരോരുത്തരും. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വക്താക്കളായി ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരായി തീരുവാൻ നമുക്കു കഴിയണം. ഇരിങ്ങാലക്കുട രൂപത ദമ്പതികളുടെ വർഷമായി ആചരിക്കുന്ന ഈ വേളയിൽ ദാമ്പത്യത്തിന്റെ പരിപാവനതയെക്കുറിച്ചുള്ള ചിന്തകൾ ഓരോ ദമ്പതിമാരുടെ മനസ്സിലും ഉണർന്നുവരേണ്ടതുണ്ട്. യേശുവിന്റെ പീഡാസഹനത്തിൽ പങ്കുചേർന്ന്, ഉത്ഥിതനായ യേശുവിന്റെ ചൈതന്യവും പ്രത്യാശയും സ്വന്തമാക്കിയ നാം, നമ്മുടെ തുടർന്നുള്ള ജീവിതത്തിലും ഇവ നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മൾ വീണുപോകാതിരിക്കാൻ ഉത്ഥിതനായ മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)



**"ഞാനും നിങ്ങളിൽ ഒരാൾ"**

ദുഃഖവെള്ളിയാഴ്ച ദിവസം ഈശോയുടെ ജനന-മരണ-ഉത്ഥാനത്തെ ആസ്പദമാക്കി ഇടവകയിലെ അമ്പതോളം കുട്ടികൾ അവതരിപ്പിച്ച നൃത്തശില്പം. പങ്കെടുത്ത എല്ലാ കുട്ടികൾക്കും ഇടവകയുടെ അഭിനന്ദനങ്ങളും ആശംസകളും




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

പരിശുദ്ധ കന്യകാമറിയത്തിന് പ്രത്യേകമാംവിധം പ്രതിഷ്ഠിതമായ മെയ് മാസത്തിലാണ് നമ്മൾ എത്തിനിൽക്കുന്നത്. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തോടെയാണ് മെയ് മാസം ആരംഭിക്കുന്നത്. നമ്മൾ ആയിരിക്കുന്ന എല്ലാ മേഖലകളിലും ഉത്തരവാദിത്വങ്ങളിലും ജോലിയുടെ മഹത്വം മനസ്സിലാക്കി ആത്മാർത്ഥതയോടെ സമർപ്പിക്കപ്പെടുവാൻ വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃകയും മാദ്ധ്യസ്ഥതയും നമുക്ക് സ്വീകരിക്കാം. ഏൽപ്പിക്കപ്പെടുന്ന ജോലികൾ ഏതായാലും അത് ആത്മാർത്ഥതയോടും സന്തോഷത്തോടും കൂടി നിർവ്വഹിക്കുമ്പോൾ മാത്രമാണ് നമ്മുടെ ശ്രേഷ്ഠത വളരുകയുള്ളൂ, അതുവഴി ഉടമസ്ഥർക്കും രാജ്യത്തിനും നന്മയുണ്ടാകുകയും ദൈവത്തിന് മഹത്വം നൽകുവാനും കഴിയൂ. യേശുവിന്റെ വളർത്തുപിതാവായിരുന്നിട്ടും വി. യൗസേപ്പ് തിരുകുടുംബത്തെ സംരക്ഷിച്ചതും പരിപാലിച്ചതും ജീവിതമാർഗ്ഗമായ ആശാരി പണി ചെയ്തുകൊണ്ടായിരുന്നു. ആ ചൈതന്യമായിരുന്നല്ലോ ഈ ലോകത്തിൽ തൊഴിലിന്റെ ഏറ്റവും ഉദാത്തമായ മാതൃക. അവകാശങ്ങളെപ്പറ്റി മാത്രം ചിന്തിക്കാതെ നമ്മുടെ ഉത്തരവാദിത്വങ്ങളെയും കടമകളെയും കൂടി ചിന്തിച്ചുകൊണ്ട് അഭിമാനകരവും മാതൃകാപരവുമായ ഒരു തൊഴിൽ ജീവിതം സാധ്യമാക്കിത്തീർക്കുവാൻ നമുക്ക് തയ്യാറാകാം.

തിരുകുടുംബത്തിന്റെ പരിപാലനത്തിൽ വി.യൗസേപ്പിതാവിനോടൊപ്പം സന്തോഷപൂർവ്വം പങ്കുവഹിച്ചവളാണ് പരിശുദ്ധ കന്യകാമറിയം. ദൈവമാതാവായിരുന്നിട്ടും ഒരു സാധാരണക്കാരിയെപ്പോലെ കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളിലും മറ്റുള്ളവർക്കുവേണ്ടിയുള്ള പരോപകാര പ്രവർത്തികളിലും ഏറ്റവും വലിയ മാതൃകയായിരുന്നുവല്ലോ പരിശുദ്ധകന്യകമറിയം. "ഇതാ

05-04-2014 രോഗിദിനം



പങ്കെടുത്തവർ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും മാതൃസംഘാംഗങ്ങൾക്കുമൊപ്പം

കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' എന്ന് പറഞ്ഞ് സമ്പൂർണ്ണമായ സമർപ്പണത്തിലൂടെ ദൈവത്തിനായ് ജീവിച്ചവളാണ് നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം.

മെയ് മാസ വണക്ക പ്രാർത്ഥനയിൽ ഓരോ ദിവസവും പരിശുദ്ധ അമ്മയുടെ സമ്പന്നമായ സുകൃതങ്ങളാണ് നമ്മൾ ധ്യാനവിഷയമാക്കുന്നത്. കേരളക്കരയിൽ വൈകുന്നേരങ്ങളിലെ ജപമാല പ്രാർത്ഥനയോടൊപ്പം പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കമാസ പ്രാർത്ഥനയും ചൊല്ലുക എന്ന പതിവിലൂടെ പരിശുദ്ധ അമ്മയോടുള്ള വലിയ സ്നേഹം പ്രകടമാക്കുന്നതോടൊപ്പം അമ്മയുടെ ജീവിതത്തിൽ വിളങ്ങിയിരുന്ന അതിവിശിഷ്ടമായ സുകൃതങ്ങൾ സ്വന്തമാക്കുന്നതിനുള്ള ഒരവസരവും ലഭിക്കുകയാണ്. ദൈവത്തോടുള്ള സമർപ്പണത്തിന്റെ പൂർണ്ണതയായ മറിയം തന്റെ ജീവിതം മുഴുവനും ദൈവഹിതം മാത്രം നിർവ്വഹിച്ചു ജീവിച്ചവളാണ്. അമലയായി ഈ ലോകത്തിൽ ജനിക്കുവാൻ സാധിച്ച മറിയം ജീവിതാന്ത്യം വരെയും പരിശുദ്ധിയുടെ പരിമളം പരത്തിയവളാണ്. ദൈവഹിതനിർവ്വഹണത്തിനായി യേശുവിനോടൊപ്പം എല്ലാ അവസ്ഥകളിലും - സുഖ ദുഃഖങ്ങളിൽ സഹയാത്രികയും, യേശുവിന്റെ രക്ഷാകർമ്മത്തിൽ സഹകാരിയുമായി മാറിയ പരിശുദ്ധ അമ്മ സഹരക്ഷകയായി, ദൈവഹിതം നിർവ്വഹിക്കാൻ നമ്മെ പഠിപ്പിച്ചു.

യൗസേപ്പിതാവിനോടൊപ്പം തിരുകുടുംബത്തെ സംരക്ഷിക്കുവാൻ തയ്യാറായ മറിയം കുടുംബജീവിതത്തിന്റെ ഉത്തമമാതൃകയായി. മറ്റുള്ളവർക്കുവേണ്ടി യേശുവിന്റെ പക്കൽ മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടും, വേദനകളിൽ പങ്കുചേർന്നുകൊണ്ടും ഏവരേയും സഹോദര സ്നേഹത്തിന്റെ മഹത്വം പഠിപ്പിച്ചു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പസ്തോലന്മാർക്കു പ്രത്യാശ നൽകികൊണ്ട് പ്രാർത്ഥനയിൽ അവരെ വളർത്തിയ മറിയം പ്രതിസന്ധികളിൽ തളരാതെ മുന്നേറുവാൻ നമ്മെ സഹായിക്കുമെന്ന് പഠിപ്പിക്കുകയും ചെയ്തു. ഇപ്രകാരം അതിവിശിഷ്ടമായ സുകൃതങ്ങൾകൊണ്ട് പരിശുദ്ധ കന്യകാമറിയം നമുക്ക് മാതൃകയും കരുത്തുമായി നിൽക്കുമ്പോൾ നമ്മുടെ ജീവിതം പരിശോധിച്ച് പോരായ്മകൾ തിരുത്തി വിശുദ്ധിയിൽ വളരുവാൻ മെയ് മാസവണക്കം നമ്മെ സഹായിക്കട്ടെ.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,യേശുവിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

**നുറുങ്ങുവിചാരം**



# 2 MAGIC WORDS

കുട്ടികളായാലും മുതിർന്നവരായാലും ജീവിതത്തെ സുഗമമായി മുൻപോട്ടു നയിക്കുന്നതിന് ഉപയോഗിക്കേണ്ട രണ്ട് 'Magic Words' ആണ് Sorry അഥവാ ക്ഷമ, Thanks അഥവാ നന്ദി. ഈ രണ്ടു വാക്കുകൾ ഒരാളുടെ മനോഭാവത്തേയും സ്വഭാവത്തേയും മാറ്റിമറിക്കുന്നതുകൊണ്ടാണ് ഇവയെ Magic Words എന്നു പറയുന്നത്.

പല പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയാണ് Sorry എന്നു പറയുന്ന വാക്ക്. നമ്മുടെ ദൈനംദിനജീവിതത്തിൽ ഒരുപക്ഷേ, ഏറ്റവും ഉപയോഗിക്കപ്പെടേണ്ട പദവും ഇതുതന്നെയായേക്കാം. കാരണം തെറ്റുകൾ പറ്റാത്തവരായി ആരുമില്ലല്ലോ? ക്ഷമ ചോദിക്കുമ്പോൾ നമ്മൾ മറ്റുള്ളവരേക്കാൾ വില കുറഞ്ഞവരായി പോകും എന്നൊരു ധാരണ പലരുടേയും മനസ്സിലുണ്ട്. ഇത് ശരിയല്ല. തെറ്റുകൾ പറ്റിയാൽ ക്ഷമ ചോദിക്കുക എന്നത് നല്ല വ്യക്തിത്വത്തിന്റെ അടയാളമാണ്.

നന്ദി പറയുക എന്നത് നാം ശീലമാക്കേണ്ട ഒരു നല്ല ഗുണമാണ്. എന്നാൽ വളരെ അപൂർവ്വമായി കേൾക്കുന്ന വാക്കാണിത്. മറ്റുള്ളവർ നൽകുന്ന ചെയ്യുന്ന സഹായം അതെത്ര വലുതായാലും ചെറുതായാലും ഒരു നന്ദി വാക്കു പറയുക.

തെറ്റു പറ്റിയാൽ Sorry പറയാനും ദിവസത്തിൽ പത്ത് നന്ദി വാക്കുകൾ പറയുവാനുമുള്ള നല്ല തീരുമാനം നമുക്കെടുക്കാം.

**സ്നേഹപൂർവ്വം, ഫാ. ജിന്റോ ചിറയത്ത് CMI, കൊച്ചച്ചൻ**

---

## കഴിഞ്ഞ ലക്കം ക്വിസ്

**മത്സരവിജയി**
**മേരി ജോസ്**
തെക്കേത്തല വീട്,
സെന്റ് റോസ് യൂണിറ്റ്



അഭിനന്ദനങ്ങൾ

---

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**എൽ.പി.വിഭാഗം**
**ജോയൽ ജോൺസൺ**
കണ്ണേങ്ങത്ത് വീട്,
സെന്റ് റോസ് യൂണിറ്റ്,
ക്ലാസ്സ് IV





**യു.പി.വിഭാഗം**
**സ്നേഹ ജോസ്**
കാഞ്ഞിരപള്ളൻ വീട്,
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
ക്ലാസ്സ് V B.



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത് സി.എം.ഐ.
മഡഗാസ്കർ

**യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".**
**(മത്താ. 4:19)**

## (കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

മഡഗാസ്കറിൽ വിമാനമിറങ്ങിയ ആദ്യത്തെ സായാഹ്നം. ഞങ്ങളുടെ മിഷൻ അൽപം ദൂരെ ആയതിനാൽ തലസ്ഥാനമായ "അൻതനറിയോ" യിൽ തന്നെയുള്ള ബിഷപ്പ് കോൺഫറൻസിന്റെ കീഴിലുള്ള അതിഥി മന്ദിരത്തിലാണ് അന്തിയുറങ്ങിയത്. നമ്മുടെ പതിവനുസരിച്ച് രാത്രി 8 മണിക്ക്, അത്താഴമില്ലെ എന്നുചോദിച്ചപ്പോൾ ഇനി വെള്ളം കുടിച്ച് കിടന്നോളാൻ അറിയിപ്പുകിട്ടി. ഇവിടെ വൈകിട്ടത്തെ ഭക്ഷണസമയം 7 മണിയ്ക്കാണ്. അതുകഴിഞ്ഞാൽ ഊട്ടുമുറി പൂട്ടി അതിന്റെ ചുമതലയുള്ളവർ സ്ഥലം വിടും. ജീവിതത്തിന്റെ സമയപട്ടിക തെറ്റിയെത്തിയതിലെ ആദ്യത്തെ കല്ലുകടി.

ഞങ്ങൾക്കുലഭിച്ച മിഷനിൽ എത്താൻ ഇനിയും 650 കി.മി. റോഡു വഴി യാത്രചെയ്യണം. ഞങ്ങളെത്തിയത് ചൂടുകാലത്തായതുകൊണ്ട് അകത്തും പുറത്തും ചൂട്. ഈ കരമാർഗത്തിൽ 120 കി.മി. റോഡ് വളരെ മോശമായതുകൊണ്ട് എത്ര നേരം യാത്രചെയ്താലും എങ്ങും എത്താത്ത ഒരു പ്രതീതി. ഇടക്കു ലഭിച്ച ഭക്ഷണം ആഫ്രിക്കൻ രീതിയിലായതുകൊണ്ട് ആവശ്യത്തിന് അകത്താക്കാൻ പറ്റിയതുമില്ല. ഇനി നല്ലൊരു കേരള ഭക്ഷണം ലഭിക്കാൻ തിരികെ കേരളത്തിലെത്തണമെന്ന് ബോധ്യമായി. കൊച്ചു കൊച്ചു കുടിലുകളുള്ള പല ഗ്രാമങ്ങളും കടന്ന് അവസാനം ഞങ്ങൾക്കായി കാത്തിരിക്കുന്ന, ഇലക്ട്രിസിറ്റിയില്ലാത്ത സാമാന്യം വലിയൊരു ഭവനത്തിൽ ഞങ്ങൾ എത്തിച്ചേരുകതന്നെ ചെയ്തു.

ഇപ്പോഴത്തെ അവസ്ഥയിൽ ഇതുവരെ പഠിച്ച ഭാഷകളിൽ സംസാരിക്കാനാകുന്നത് മൂന്നേ മൂന്നുപേരോടുമാത്രം. മറ്റുള്ളവരെല്ലാം സംസാരിക്കുന്നത് വേറെയെന്തോ ആണ്. അവരോടു സംസാരിക്കണമെങ്കിൽ അവർ നമ്മുടെ ഭാഷ പഠിക്കാൻ കാത്തിരിക്കാതെ അവരുടെ മണ്ണിൽ അവരുടെ ഭാഷയിൽ വീണ്ടു ജനിക്കേണ്ടത് ഒരു മിഷണറിയുടെ ദൗത്യമാണല്ലോ. അതിനായി വീണ്ടും ചിതറിക്കപ്പെട്ടു. ആദ്യം നാട്ടുകാരുടെ ഭാഷയായ മലഗാസിയിൽ പിച്ചവെച്ചുനടന്നു. വീണു, വീണ്ടും എഴുന്നേറ്റുനിന്നു, നടന്നു തുടങ്ങി, ഇടക്ക് ഓടി, പിന്നെ വീണ്ടും ഓടി; ഇന്നും ആ ഓട്ടം തുടരുന്നു. പിന്നീട് തനിച്ചായപ്പോഴെല്ലാം പണ്ട് സ്വന്തമായ ഭാഷകൾ സ്വന്തം സ്വപ്നങ്ങൾ

കാണാൻ മാത്രം ഉപയോഗിച്ചു.

മഡഗാസ്കറിലെ റോഡുകളുടെ സ്ഥിതി അന്നും ഇന്നും വളരെ ദയനീയമാണ്. മനുഷ്യശരീരത്തിൽ ഞരമ്പുകൾ ഉള്ളതുപോലെത്തന്നെയാണ് ഒരു രാജ്യത്തിലെ വഴികളും. ഇവിടത്തെ ഈ "ഞരമ്പുകൾ" ഗതാഗതയോഗ്യമല്ലാത്തതിനാൽ മഡഗാസ്കറിന്റെ ആരോഗ്യവും പുരോഗതിയും വളരെ താഴ്ന്ന നിലയിലോ, തടസ്സപ്പെട്ടോ നിൽക്കുന്നു. ഞങ്ങൾക്കുമുമ്പു വന്നവരിൽ പലരും കാളവണ്ടിയിലായിരുന്നു ദൂരെ ഗ്രാമങ്ങളിലേക്ക് പോയിരുന്നത്. ഒരു ദിവസം അടുത്തുള്ള ഒരു ഗ്രാമത്തിലേക്കുള്ള പ്രയാണത്തിലായിരുന്നു ഞങ്ങൾ. ഞങ്ങളെ ഓവർടേക്ക് ചെയ്ത്...... ഒരു കാളവാഹനം കടന്നുപോയി. അതിലൊരു അമ്മയും കുഞ്ഞും സഹയാത്രികരോടൊപ്പം സുഖമായിരിക്കുന്നുണ്ട്. മഴ പെയ്തിരുന്നതുമൂലം എവിടെയാണ് കുഴി എന്നറിയില്ല.അല്പം കഴിഞ്ഞപ്പോൾ കണ്ടു, നടുവിലുള്ള ചേറുകുഴിയെ ഒഴിവാക്കാൻ സൈഡിലേക്കു മാറിയ കാളവണ്ടിയുടെ ഒരു ചക്രം ഉയർന്നുനിന്ന മൺതിട്ടയിൽ കയറി നടുവിലുള്ള ചേറുകുഴിയിലേക്ക് മറിയുന്നത്. ദൈവാനുഗ്രഹം! ആർക്കും അപകടം സംഭവിച്ചില്ല. എങ്കിലും ചേറിലുണ്ടാക്കിയ പ്രതിമകളെപ്പോലെ മുമ്പു കണ്ട അമ്മയും കുഞ്ഞും എഴുന്നേറ്റു വരുന്നത് ഇന്നും കൺമുമ്പിലുണ്ട്. പിന്നീടു 30ഉം 40ഉം കിലോമീറ്ററുകൾ ഒറ്റ ദിവസംകൊണ്ടു നടക്കേണ്ടി വന്നപ്പോഴും ഒരു കാളവണ്ടിയിലും കയറാൻ തോന്നിയിട്ടില്ല. ഇവിടെ കാളവണ്ടിക്കാരനല്ല വണ്ടിയെ നിയന്ത്രിക്കുന്നത്. മറിച്ച് നൂറു ശതമാനവും കാളകൾ തന്നെയാണ്, അതും യാതൊരുവിധ ബ്രേക്കു സംവിധാനങ്ങളുമില്ലാതെ! ഒരിക്കൽ തണുപ്പുള്ളൊരു കാലാവസ്ഥയിൽ 35 കിലോമീറ്റർ അകലെയുള്ള ഒരു ഗ്രാമത്തിലേയ്ക്ക് പോകേണ്ടിവന്നു. കൊടുങ്കാറ്റുമൂലമുണ്ടായ ദുരിതത്തിന് സഹായം കൊടുക്കുന്നതിനുവേണ്ടി പല ഗ്രാമങ്ങളിലും മീറ്റിങ്ങുകൾ നടത്തിയാണ് പോയത്. രാത്രി ഉറങ്ങേണ്ട ഗ്രാമത്തിലേയ്ക്ക് പോകുന്ന ഒരു കാളവണ്ടിയിൽ ആവശ്യമുള്ള കുടിവെള്ളവും രാത്രിയിലുപയോഗിക്കാൻ പുതപ്പും കൊടുത്ത് ഞങ്ങൾ നേരത്തെ കാൽനടയായി പുറപ്പെട്ടു. അവസാനത്തെ ഗ്രാമത്തിലെത്തുമ്പോൾ തിരികെ ഏൽപിക്കാമെന്ന് കാളവണ്ടിയിൽ വരുന്ന സ്ഥലം ഡോക്ടർ ഉറപ്പും തന്നു. ഞങ്ങൾ പല സ്ഥലത്തും മീറ്റിങ്ങുകൾ കഴിഞ്ഞ് രാത്രി 11 മണിക്ക് അകലെയുള്ള ഗ്രാമത്തിലെത്തി. നല്ല തണുപ്പ്. ഞങ്ങളുടെ ആവശ്യ സാധനങ്ങളുമായി വരുന്ന കാളവണ്ടി ഇതുവരെ എത്തിയില്ല. ഗ്രാമത്തലവന്റെ വീട്ടുകാർ ഞങ്ങളുടെ സഹായത്തിനെത്തി. സുഖമായി ഭക്ഷണം കഴിച്ചുറങ്ങാൻ പിന്നെ താമസമുണ്ടായില്ല. പിറ്റേ ദിവസം ഉച്ചയൂണു കഴിഞ്ഞു തിരിച്ചുവരുമ്പോൾ കണ്ടു, ഞങ്ങളുടെ കാളവണ്ടി കുതിച്ചുപാഞ്ഞു വരുന്നത്. എന്തു പറയാൻ! വെറുതെ ചുമക്കാൻ മാത്രം ഒരു ഭാരം കെട്ടിയെടുത്തതുപോലെയായപ്പോൾ അതു പിന്നീട് എത്തിച്ചാൽ മതിയെന്നും പറഞ്ഞ് തടിതപ്പി.

(തുടരും...)

# എന്തു നല്ലമ്മ... എന്നുടെ അമ്മ



## ക്രിസ്ത്യാനികളുടെ സഹായമായ മാതാവ് - മെയ് 24

സി. ക്രിസറ്റ് FCC, മാപ്രാണം



ലെബോസ്കോയിൽ 1504 ജനുവരി 27-ാം തിയ്യതി, കുലീനമായ ഒരു കുടുംബത്തിലാണ് 'മൈക്കിൾ ഗിസ്ലിയേരി' ജനിച്ചത്. ദൈവഭക്തിയിൽ വളർന്നു വന്ന മൈക്കിൾ 15-ാമത്തെ വയസ്സിൽ ഡൊമിനിക്കൻ സഭയിൽ ചേർന്നു. ഇതര നോവിസുമാരെ അപേക്ഷിച്ച് ബ്രദർ മൈക്കിൾ കൂടുതൽ എളിമയും അടക്കവും ആശാനിഗ്രഹവും പാലിച്ചിരുന്നു. പഠനത്തോടൊപ്പം പ്രാർത്ഥനയും പരിഹാരവും അഭ്യസിച്ചുപോന്ന മൈക്കിൾ, പരിശുദ്ധ അമ്മയോട് അതീവ ഭക്തിയും സ്നേഹവും പുലർത്തിയിരുന്നു. 36-ാമത്തെ വയസ്സിൽ പൗരോഹിത്യം സ്വീകരിച്ച ഫാ. മൈക്കിൾ 16 വർഷം വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചു. അവരിൽ ദൈവഭക്തിയും ദൈവ മാതാവിനോടുള്ള ഭക്തിയും വളർത്താൻ ഫാ. മൈക്കിൾ പ്രത്യേകം ശ്രദ്ധിച്ചു. 1556ൽ മെത്രാൻ പദവിയിലേക്ക് ഉയർത്തപ്പെട്ട അദ്ദേഹം പിറ്റേവർഷം തന്നെ കർദ്ദിനാളായും ഉയർന്നു. 1566 ജനുവരി 7-ാം തിയ്യതി കാർഡിനൽ മൈക്കിൾ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുകയും 5-ാം പീയുസ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. പുതിയ മിസാലും കാനോന നമസ്കാരവും വേദോപദേശവും പ്രസിദ്ധം ചെയ്ത് ക്രിസ്തീയ തത്വസഖ്യം സ്ഥാപിച്ചു. ടർക്കികളുടെ ആക്രമണത്തെ ചെറുക്കാൻ ഒരു നാവിക സൈന്യം സംഘടിപ്പിച്ച് ടർക്കികൾക്കെതിരെ പൊരുതി. എന്നാൽ സൈന്യത്തിൽ മാത്രം ആശ്രയിക്കാതെ ജപമാല ചൊല്ലി ദൈവമാതൃസഹായം അപേക്ഷിച്ചു. 1567 ഒക്ടോബർ 17-ാം തിയ്യതി 'ലെപാന്റോ ഉൾക്കടലിൽ' വെച്ച് പേപ്പൽ സൈന്യം ടർക്കികളെ പരാജയപ്പെടുത്തി, ക്രൈസ്തവ രാജ്യങ്ങളെ സംരക്ഷിച്ചു. ഈ വിവരം അദ്ദേഹം കർദ്ദിനാൾ സംഘത്തെ അറിയിക്കുകയും "ക്രിസ്ത്യാനികളുടെ സഹായമായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്ന പ്രാർത്ഥന ദൈവമാതാവിന്റെ ലുത്തിനിയയിൽ ചേർക്കുകയും ചെയ്തു.

കാലങ്ങൾ കടന്നുപോയി. 1808ൽ നെപ്പോളിയൻ ചക്രവർത്തി ഏഴാം

പീയൂസ് മാർപാപ്പയെ കാരാഗൃഹത്തിലടച്ചു. ലെയിപ്സിഗ് യുദ്ധത്തിനു ശേഷം 74 കാരനായ മാർപാപ്പ സ്വതന്ത്രനാക്കപ്പെട്ടു. 1814ൽ വിജയപ്രതാപത്തോടെ, മാർപാപ്പ റോമിലേക്ക് മടങ്ങി. 1815ലെ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയൻ തറപറ്റിയെന്നു കണ്ടപ്പോൾ ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ തിരുനാൾ മാർപാപ്പ സ്ഥാപിച്ചു. പേപ്പൽ സംസ്ഥാനങ്ങളിൽ ഈ തിരുനാൾ അന്നുമുതൽ കൊണ്ടാടിത്തുടങ്ങി. (അഞ്ചാം പീയൂസ് മാർപാപ്പ ''ക്രിസ്ത്യാനികളുടെ സഹായമായ മറിയമെ ഞങ്ങക്കുവേണ്ടി അപേക്ഷിക്കേണമേ'' എന്ന പ്രാർത്ഥന മാതാവിന്റെ ലുത്തനിയായിൽ ചേർത്തെങ്കിൽ 7-ാം പീയൂസ് പാപ്പ ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ തിരുനാൾ സ്ഥാപിച്ചു) അന്നു മുതൽ മെയ് 24-ാം തിയ്യതി തിരുസഭയിൽ ഈ തിരുനാൾ ആഘോഷിച്ചുവരുന്നു.

വി. കുരിശിനോടും പരിശുദ്ധ അമ്മയോടുമുള്ള ഭക്തികൊണ്ടും, സ്നേഹംകൊണ്ടും ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ തിരുനാൾ മാപ്രാണം ഇടവകയിലും ആഘോഷിച്ചു തുടങ്ങി. വിളിച്ചാൽ വിളി കേൾക്കാതിരിയ്ക്കാനാവില്ലമ്മയ്ക്ക്....

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

# മാതൃസംഘം

ഏപ്രിൽ 5-ാം തിയ്യതി ശനിയാഴ്ച മാതൃസംഘത്തിന്റെ ആഭിമുഖ്യത്തിൽ രോഗീദിനം ആചരിച്ചു. ശുശ്രൂഷകളിൽ പങ്കെടുക്കാനെത്തിയ രോഗികളായ 29 പേരേയും ജപമാല കൊടുത്ത് സ്വീകരിച്ചു. നെല്ലായി പള്ളി വികാരി റവ. ഫാ. ബെന്നി കരുമാലിക്കൽ രോഗികൾക്കുവേണ്ടി വിശുദ്ധ കുർബ്ബാന അർപ്പിച്ചു. രോഗവും പ്രായാധിക്യവും കൊണ്ടുള്ള അവശത മൂലം നാലും അഞ്ചും വർഷങ്ങളായി വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുവാൻ കഴിയാതിരുന്നവർക്ക് ഈ ശുശ്രൂഷയുടെ ഭാഗമായി വിശുദ്ധ കുർബ്ബാനയിൽ സംബന്ധിച്ചപ്പോഴുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. പലരുടേയും കണ്ണുകളിൽ ആനന്ദ കണ്ണീർ പൊഴിഞ്ഞു. എല്ലാവരും കുമ്പസാരിച്ച്, വി. കുർബ്ബാന സ്വീകരിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു. ബഹു. വികാരി ഫാ. ജോസ് മാളിയേക്കൽ, അസി. വികാരി ഫാ. ജിന്റോ ചിറയത്ത്, മദർ സുപ്പീരിയർ സി. ജീൻമേരി എന്നിവർ പൂർണ്ണസമയവും രോഗികളോടൊപ്പം ഉണ്ടായിരുന്നു. വൈദികരോടൊപ്പം സ്നേഹവിരുന്നിൽ സംബന്ധിച്ച്, സമ്മാനവും സ്വീകരിച്ച്, അതീവ സന്തുഷ്ടരായിട്ടാണ് പങ്കെടുത്തവർ തിരികെ വീടുകളിലെത്തിയത്. മാതൃസംഘം അംഗങ്ങളോടൊപ്പം സി.എൽ.സി. അംഗങ്ങളും പരിപാടികൾ വിജയിപ്പിക്കാൻ സഹകരിച്ചിരുന്നു. എല്ലാവർക്കും മാതൃസംഘത്തിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു.

**ജിംസി വർഗീസ് പള്ളിത്തറ** — പ്രസിഡണ്ട്
**ഫിലോമിന ജോർജ് കാഞ്ഞിരക്കാടൻ** — സെക്രട്ടറി

ബാലപംക്തി

# മരങ്ങൾക്കുവേണ്ടി



ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

പ്രിയ കൂട്ടുകാരേ, അവധിക്കാലം പകുതിയങ്ങ് കഴിഞ്ഞു. അവധിക്കാലം ട്യൂഷൻ ക്ലാസ്സുകളിലും മറ്റു പരിശീലന ക്ലാസ്സുകളിലും മാത്രമായി ഒതുക്കുകയാണോ? ഇവ നല്ലതുതന്നെ. എങ്കിലും ഇവക്കൊപ്പം വായനാശീലം വളർത്തിയെടുക്കാനും, പ്രകൃതിയെ കൂടുതൽ സ്നേഹിക്കാനും മനസ്സിലാക്കാനും ശ്രമിക്കണം. വേനലിന്റെ കൊടും ചൂട് കഴിഞ്ഞ് ഇടവപ്പാതിയുടെ കോരിച്ചൊരിയുന്ന മഴ വരികയാണ്. മരങ്ങൾ വെട്ടി നശിപ്പിക്കുന്നത് വർദ്ധിച്ചുവരുന്ന ഈ ചൂടിന് ഒരു കാരണമാണ്.

2004ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയത് വാൻഗരിമാതായിയായിരുന്നു. പരിസ്ഥിതിനാശം ദാരിദ്ര്യമുണ്ടാക്കുന്നുവെന്നും അതുവഴി മനുഷ്യ സമുദായം നശിക്കുമെന്നും അവർ അനുഭവം കൊണ്ടറിഞ്ഞു. സമാധാന പൂർണ്ണമായ ഒരു ജീവിതം സാധ്യമാക്കുന്നതിനായി 30 കോടി മരങ്ങൾ അവരും കൂട്ടുകാരും കൂടി നട്ടു പിടിപ്പിച്ചു.

'ഒരു തൈ നടുമ്പോൾ, ഒരു തണൽ നടുന്നു' എന്ന ഒ.എൻ.വി. യുടെ വരികൾ കേട്ടിട്ടില്ലേ? ലോകത്തിലെ അവശേഷിക്കുന്ന ഏറ്റവും പഴക്കം ചെന്ന റെഡ്വുഡ് മരങ്ങളുടെ കാടാണ് കാലിഫോർണിയായിലെ ഹെഡ് വാട്ടേർസ് ഫോറസ്റ്റ്. ഒരുപാട് വർഷത്തെ നീണ്ട മരം വെട്ടൽ കാടിന്റെ വിസ്തൃതി ചുരുക്കിയപ്പോഴാണ് 'എർത്ത് ഫസ്റ്റ്' എന്ന സംഘടന മരംമുറിക്കെതിരെ അഹിംസാത്മക സമരം ആരംഭിച്ചത്. മുറിച്ചു മാറ്റാനായി ചാപ്പ കുത്തിക്കഴിഞ്ഞ മരത്തിലൊന്ന് 1800 വർഷം പഴക്കമുള്ളതായിരുന്നു. ഈ മരമുത്തശ്ശിയ്ക്ക് എർത്ത് ഫസ്റ്റ്, 'ലൂന' എന്ന് പേരിട്ടു.

ലൂനയെ മുറിക്കുന്നതിനെതിരെ അതിനുമേലെ കയറിയിരുന്ന് സമരം ചെയ്യാൻ തയ്യാറായി ഒരു പെൺകുട്ടി എത്തി. ജൂലിയ എന്നാണവളുടെ പേര്. സമുദ്രനിരപ്പിൽ നിന്ന് 1500 അടി ഉയരത്തിലാണ് ലൂന നിന്നിരുന്നത്. ഇരുന്നൂറടി ഉയരമുള്ള മരത്തിൽ 180 അടി ഉയരത്തിലായിരുന്നു ജൂലിയായുടെ മരസത്യാഗ്രഹപ്പന്തൽ. അവിടെ ഇരുന്ന് അവൾ സെൽഫോണിലൂടെ ഇന്റർവ്യൂകൾക്ക് മറുപടി പറഞ്ഞു. കവിതകൾ എഴുതി. പുസ്തകങ്ങൾ വായിച്ചു. പാചകം ചെയ്തു. ജൂലിയയുടെ സമരത്തിന് ശക്തി പകരാൻ വിദ്യാർത്ഥികളും പല പല സംഘടനകളുടെ പ്രതിനിധികളും അവിടെ എത്തുമായിരുന്നു. അതേ സമയം രാത്രി മുഴുവൻ എയർഹോൺ മുഴക്കിയും ഹെലികോപ്റ്റർ താഴ്ത്തി പറപ്പിച്ചും വെളിച്ചം കെടുത്തിയും മരം മുറിക്കാർ അവളെ പേടിപ്പിക്കാൻ നോക്കി. രണ്ടു വർഷക്കാലം നീണ്ടു നിന്നു ഈ മരസമരം.

വിവിധ മരക്കമ്പനികളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിന്റെ വെളിച്ചത്തിൽ രണ്ടുവർഷത്തിനുശേഷം ജൂലിയ നിലത്തിറങ്ങി. ലൂനയുടെ വേരുകളിൽ മുട്ടുകുത്തിയിരുന്ന് അവൾ തേങ്ങി കരഞ്ഞു. തനിക്ക് ഇത്രയെങ്കിലും ചെയ്യാനായല്ലോ എന്നായിരുന്നു അവളപ്പോൾ ഓർത്തത്.

## വിശുദ്ധരുടെ ജീവിതത്തിലൂടെ...



# അൾത്താരയിലെ അമ്മ

## വി. ജാന്ന ബെറേറ്റ മൊള്ള (മെയ് 16)

സി. ഡെൽസ മരിയ FCC,
മാപ്രാണം



തന്റെ ഗർഭപാത്രത്തിൽ രൂപംകൊണ്ട ശിശുവിന്റെ ജീവൻ നിലനിറുത്താൻ വേണ്ടി സ്വന്തം ജീവിതം ബലിയർപ്പിച്ച വി.ജാന്ന ബെറേറ്റ മൊള്ള ആധുനിക ലോകത്ത് കുടുംബസ്ഥർക്കായി ദൈവം നൽകിയ മാതൃകയും മധ്യസ്ഥയുമാണ്. ഈ അമ്മയുടെ കർമ്മനിരതമായ ജീവിതവും ത്യാഗപൂർണ്ണമായ മരണവും നമുക്ക് പ്രത്യാശയോടെ ജീവിക്കാൻ കരുത്തു പകരുന്നു.

വിശുദ്ധ ജാന്ന ഒരമ്മയാണ് - വിശുദ്ധയായ വീട്ടമ്മ. 1922 ഒക്ടോബർ 4ന് ഇറ്റലിയിലെ മിലാൻ എന്ന നഗരത്തിനടുത്ത് ''മജന്ത'' സ്വദേശികളായ ആൽബർട്ടിന്റേയും മരിയയുടേയും 10-ാമത്തെ സന്താനമായി ജാന്ന ഭൂജാതയായി. ഉത്തമദമ്പതികളായിരുന്ന അവർ മക്കളെ ദൈവഭക്തിയിലും സ്നേഹത്തിലും വളർത്തിയിരുന്നു. ജോലി ചെയ്ത് കുടുംബം പുലർത്തിയിരുന്ന ആ നല്ല അപ്പച്ചൻ നിത്യവും ദിവ്യബലിയിൽ പങ്കെടുക്കുകയും ഉപവിപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. 1928 ഏപ്രിൽ 4ന് ആദ്യകുർബ്ബാന സ്വീകരിച്ച നിമിഷം മുതൽ ദിവ്യകാരുണ്യശക്തി ജാന്നയിൽ വളരുന്നതായി അവൾക്കനുഭവപ്പെട്ടു. അവളിങ്ങനെ ഡയറിയിൽ കുറിച്ചു. ''എന്റെ ഓരോ പ്രവൃത്തിയും ഓരോ പ്രയാസവും യേശുവിന് ഞാൻ സമർപ്പിക്കുന്നു. കർത്താവിനെ വേദനിപ്പിക്കുന്നതിനേക്കാൾ ആയിരം പ്രാവശ്യം മരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു''.

പഠനത്തിലും പാഠ്യേതരപ്രവൃത്തികളിലും വളരെ മികവു പുലർത്തിയിരുന്നു ജാന്ന. അവശരേയും ദരിദ്രരേയും സ്നേഹിക്കുവാനും സഹായിക്കുവാനും ജാന്ന എന്നും മുൻപന്തിയിലായിരുന്നു. ഒരു ഡോക്ടറായി പാവ

ങ്ങളെ സഹായിക്കണം, ശിശുരോഗവിദഗ്ധയായിത്തീർന്ന് കുഞ്ഞുങ്ങളെ സ്നേഹിക്കണം, ഇത് ജാന്നയുടെ ഒരു സ്വപ്നമായിരുന്നു. മെഡിസിന് പഠിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ മരിയ ഹൃദയസ്തംഭനം മൂലം മരിച്ചു. താമസിയാതെ പിതാവും മരണമടഞ്ഞു. തീർത്തും അനാഥയായെങ്കിലും തളരാതെ മുന്നേറി. 1950 ജൂൺ 20ന് ഒരു ഡോക്ടറായി ജാന്ന മിലാനിൽ ജോലി ചെയ്തു തുടങ്ങി.

1955 ഏപ്രിൽ 11ന് ജാന്ന ബെറേറ്റ വിവാഹിതയായി. എഞ്ചിനീയറായ പിയത്രോമൊള്ളയായിരുന്നു അവളെ വിവാഹം കഴിച്ചത്. ഞായറാഴ്ചകളിൽ ജാന്നയും പിയാത്രോയും പള്ളിയിൽ പോകും. പിന്നെ ചെറിയൊരു ഉല്ലാസയാത്ര, ബന്ധുവീടുകളിൽ സന്ദർശനം, സേവന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സമയം കണ്ടെത്തും. കുടുംബത്തിൽ ജീവിക്കുന്നത് യന്ത്രങ്ങളല്ല, ഹൃദയമുള്ള മനുഷ്യരാണെന്ന് അവർക്കറിയാമായിരുന്നു.

കുട്ടികളെ ചികിത്സിക്കുന്ന ഡോക്ടറായ ജാന്നയ്ക്ക് കുട്ടികളെന്നുവച്ചാൽ ജീവനായിരുന്നു. കുറേ കുട്ടികളെ വേണമെന്ന് ആഗ്രഹിച്ച ജാന്നയ്ക്ക് ആരോഗ്യമുള്ള 3 കുഞ്ഞുങ്ങളെ ലഭിച്ചു. നാലാമത്തെ കുഞ്ഞിനെ ഗർഭംധരിച്ചിരുന്ന സമയത്താണ് ഇടിത്തീ പോലെ കുഴപ്പങ്ങൾ വന്നത്. ജാന്നയുടെ ഗർഭപാത്രത്തിൽ ട്യൂമർ. ഒന്നുകിൽ കുഞ്ഞ്, അല്ലെങ്കിൽ അമ്മ. അതിനാൽ ഗർഭഛിദ്രം നടത്തുവാൻ ഡോക്ടർമാർ നിർബന്ധിച്ചു. എന്നാൽ, ജാന്ന സമ്മതിച്ചില്ല. അവൾ ഭർത്താവിനോടു പറഞ്ഞു. "ഞങ്ങളിൽ ഒരാൾ മാത്രമേ രക്ഷപ്പെടൂ എന്ന സാഹചര്യം വന്നാൽ നിങ്ങൾ കുഞ്ഞിനുവേണ്ടി നിലകൊള്ളണം". 1961 സെപ്തംബർ 8ന് ജാന്നയുടെ ഓപ്പറേഷൻ. ഓപ്പറേഷൻ കഴിഞ്ഞ് സുഖം പ്രാപിച്ചെങ്കിലും 1962 ഏപ്രിൽ 28ന് അവൾ ഈ ലോകത്തോട് യാത്ര പറഞ്ഞു. മകൾക്കുവേണ്ടി ജീവൻ സമർപ്പിച്ച ജാന്നയെ മാതാക്കളുടെ വർഷമായ 1994 ഏപ്രിൽ 24ന് വാഴ്ത്തപ്പെട്ടവളായും 2004 മെയ് 16ന് വിശുദ്ധയായും പ്രഖ്യാപിച്ചു.

"അമ്മയായ വിശുദ്ധ ജാന്ന അമ്മമാരുടെ സ്വന്തം വിശുദ്ധയാണ്. അമ്മമാർക്കും സ്ത്രീകൾക്കുമൊക്കെ അവളെ സഹായത്തിനായി സമീപിക്കാം". സൗകര്യത്തെപ്രതി ജനിക്കുന്നതിനുമുമ്പേ കുഞ്ഞുങ്ങളെ നശിപ്പിച്ചുകളയുന്ന പ്രവർത്തിക്കെതിരെ പ്രയത്നിച്ച വിശുദ്ധ ജാന്നേ, "കുഞ്ഞുങ്ങളെ സ്നേഹിക്കാനും കുഞ്ഞുങ്ങളെ സംരക്ഷിക്കാനും എനിക്ക് കൃപ നൽകിയാലും".

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ആലപ്പാടൻ ഔസേപ്പ് ജോസഫ് | 16-03-2014 | സെന്റ് ആന്റണീസ് |
| ചാക്കോര്യ ദേവസ്സി ജേക്കബ് | 17-03-2014 | സെന്റ് സെബാസ്റ്റ്യൻ |
| പള്ളിത്തറ അന്തോണി കുഞ്ഞന്നം | 24-03-2014 | സെന്റ് സേവിയേഴ്സ് |

# മോറിയ മീറ്റ്

നമ്മുടെ ഇടവകയിൽ വിശ്വാസ പരിശീലനത്തിലായിരിക്കുന്ന കുട്ടികൾക്കു വേണ്ടി 2014 ഏപ്രിൽ 7,8,9 തീയതികളിൽ "മോറിയ മീറ്റ്" നടത്തപ്പെട്ടു. ക്രിസ്തീയ ജീവിതം വിശ്വാസത്തിന്റെ മലകയറുന്നതാണ്. ക്രിസ്തുവിനോടൊപ്പം നിന്ന് സ്നേഹ ത്തിന്റെയും സഹനത്തിന്റെയും മോറിയാമല ചവിട്ടിക്കയറി വിശ്വാസത്തിന്റെ ദീപശിഖ സ്വന്തം ജീവിതത്തിലും ഹൃദയത്തിലും ഏറ്റുവാങ്ങിയവർ അവസാനദിനത്തിൽ തങ്ങൾക്ക് കിട്ടിയ വിശ്വാസ വെളിച്ചം സമൂഹത്തിലേയ്ക്കും കത്തിപടരാൻ വേണ്ടി പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളുമായി നടത്തിയ വിശ്വാസപ്രഖ്യാപന റാലി തികച്ചും വേറിട്ടൊരനുഭവമായിരുന്നു. വികാരി ഫാ. ജോസ് മാളിയേക്കലും അസി. വികാരി ഫാ. ജിന്റോ ചിറയത്തും നേതൃത്വം കൊടുത്ത ഈ മീറ്റ് പൂർണ്ണ വിജയത്തിലെത്താൻ സഹായിച്ചത് സി.എം.ഐ. ദേവമാത പ്രൊവിൻസിലെ ബഹുമാനപ്പെട്ട വൈദിക വിദ്യാർത്ഥികളാണ്. പ്രധാന അധ്യാപകനായ ലോനപ്പൻ മാസ്റ്ററിന്റെയും മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും നിറസാന്നിധ്യമായിരുന്നു

ഈ മോറിയാ മീറ്റിന്റെ വൻ വിജയം.

**2013– 14 അധ്യയന വർഷത്തിൽ മതബോധനത്തിന് ഒന്നും രണ്ടും സ്ഥാനം നേടിയവരുടെ പേരുകൾ**

| CLASS | FIRST PRIZE | SECOND PRIZE |
|---|---|---|
| IA | DELNA DAVIS | CHRISTEENA JOJU. K. |
| IB | ANSAL JAISON | SANVIO SEBY. K. |
| II A | SIYA JOSE | DONA DAVIS |
| II B | GODWIN VINCENT & | ANGEL VARGHESE |
| | HANNA MARYVARGHESE | |
| IIIA | ANN CATHERINE SABU | CRIS RUBYSON |
| IIIB | SNEHA K.S | JEROM JOHNSON |
| IVA | THERESA JOJU. K. | AMANDA JOSE |
| IVB | STEL MARY | JOYAL JOHNSON |
| VA | JELITTA JOYSON | SENNA JOSE T. |
| VB | THOMAS SABU | JISMOL JOSEPH |
| VIA | DELNA THOMAS | SANDRA MARIYA |
| VIB | NIVYA ANDREWS | FLORIPS THOMAS & |
| | | MANUEL JOSHY |
| VIIA | SHARON JOSEPH | ANDRIYA ANTONY |
| VIIB | ANNMERYVARGHESE | PRETTO PAUL & |
| | | SINTA JOSE |
| VIIIA | ANNA JOHNSON | ANN JAQUELEEN |
| VIIIB | AKHILA JIMMY | JISMY JOY |
| IX A | AYARIN ANTONY | NIRMAL ANDREWS |
| IXB | AISWARYA N J | CHRISTIN JOSEPH |
| X | KISHAN PAUL | JOSPHINE JOSEPH & |
| | | ROSE MARIYA DDAVIS |
| XI | HENNA SEBASTIAN | MERIN THOMAS |
| XII | JASMIN JOSEPH & | STIFY JOSE |
| | JITHA JOY A.J. | |

എല്ലാവർക്കും അഭിനന്ദനങ്ങൾ–
ലോനപ്പൻ തട്ടിൽമണ്ടി,ഹെഡ്മാസ്റ്റർ

# ഇരുമെയ്യാണെങ്കിലും....



**പോളി അറയ്ക്കൽ**

അവൻ പറഞ്ഞു. "ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുത്തതു കൊണ്ട് ഇവൾ നാരി എന്നു വിളിക്കപ്പെടും" (ഉൽപത്തി 2:23)

ആദി മനുഷ്യനായ ആദം, തനിക്ക് തുണയായി നൽകപ്പെട്ട സ്ത്രീയെ കണ്ടപ്പോൾ ഉരുവിട്ട വാക്കുകളാണ് മുകളിൽ. അവളുടെ സൃഷ്ടി എങ്ങനെയെന്നും വിശുദ്ധ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ദൈവമായ കർത്താവ് സൃഷ്ടിച്ച സർവ്വ ജീവജാലങ്ങളേയും ജന്തുവർഗ്ഗങ്ങളേയും അവനു (മനുഷ്യനു) മുൻപിൽ കൊണ്ടുവന്നു നിർത്തി, അവനെങ്ങിനെ അവയെ (പേരിട്ടു) വിളിക്കും എന്നറിയാൻ. എല്ലാറ്റിനും അവൻ പേരിട്ടു. എങ്കിലും അവനിണങ്ങിയ തുണയെ കണ്ടെത്താനായില്ല. അതിനാൽ ദൈവം അവനെ ഉറക്കത്തിലാഴ്ത്തിയിട്ടു അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അവിടം മാംസം കൊണ്ട് മൂടി. ലോകാരംഭത്തിനു മുമ്പേ നിശ്ചയിക്കപ്പെട്ടിരുന്ന അവിടുത്തെ പദ്ധതികളുടെ വിസ്മനീയമായ പ്രാരംഭം! എന്നിട്ടു ആ വാരിയെല്ലിൽ നിന്നും അവിടുന്നു ഒരു സ്ത്രീക്കു രൂപം കൊടുത്തു. ജീവൻ നൽകി അവനു മുൻപിൽ കൊണ്ടു വന്നു. (ഉൽപത്തി 2:19-22)

അങ്ങനെ നാരിയെന്ന് അവൻ വിളിച്ചവൾ അവനു ഭാര്യയായി. അക്ഷരാർത്ഥത്തിൽത്തന്നെ ദൈവമായ കർത്താവ് കാർമ്മികനാകുന്ന ഈ ലോകത്തിലെ ആദ്യത്തെ വിവാഹം അവിടെ ആശീർവ്വദിക്കപ്പെട്ടു. വിശുദ്ധഗ്രന്ഥം പറയുന്നു - അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ടു ഭാര്യയോടു ചേരും. (സ്ത്രീ ഭർത്താവിനോടും ചേരും) ഇരു മെയ്യാണെങ്കിലും ഒരേ ശരീരവും ഒരേ ആത്മാവുമായി ത്തീരുമെന്നും (അഥവാ) ആയിത്തീരണമെന്നും (മർക്കോ - 10:6-9) സ്രഷ്ടാവായ ദൈവം തിരുമനസ്സായി എന്ന് നമ്മൾ മനസ്സിലാക്കുന്നു. നഗ്നത എന്തെന്നോ ലജ്ജ എന്തെന്നോ അവർക്കറിയില്ലായിരുന്നു എന്നും വിശുദ്ധ ഗ്രന്ഥം പറയുന്നുണ്ട്. പക്ഷെ, ഇവ രണ്ടും പിന്നീട് മനുഷ്യന്റെ പതനത്തിനും ഇതഃപര്യന്തമുള്ള തീരാദുരിതങ്ങളുടെ ഉൽഭവത്തിനും ഹേതുവായിത്തീരുന്നു. അത്യാർത്തിയും അനുസരണക്കേടും ഈ ലോകത്തിനു മുഴുവൻ തന്നെ വരുത്തിവെച്ച ദുരന്തം!

ആദത്തിന്റെയും ഹവ്വായുടെയും ഒന്നുചേരൽ വഴി പ്രപഞ്ചത്തിൽ എന്നുതന്നെ പറയാം, കുടുംബം എന്ന യാഥാർത്ഥ്യം ഉയിരെടുക്കുകയായി. കുടുംബജീവിതത്തിന്റെ കെട്ടുറപ്പിനും നിലനിൽപ്പിനും ആത്മീയ ഭദ്രതയ്ക്കും ആവശ്യം വേണ്ട സംഗതിയാണ് പരസ്പര വിശ്വസ്തരും ജീവിത വിശുദ്ധി നിരന്തരം പാലിക്കുന്നവരുമായിത്തീരുക എന്നത്. ഇക്കാര്യം വിശുദ്ധ ഗ്രന്ഥ പ്രബോധനങ്ങളിലൂടെ ദൈവം പലയാവർത്തി നമ്മോടാവശ്യപ്പെടുന്നുണ്ട്. കുടുംബജീവിതത്തിന് ദൈവം നൽകുന്ന പവിത്രതയുടെ പ്രാധാന്യം

പ്രമാണങ്ങളിലൂടെ വെളിവാകുന്നുണ്ട്. വിശുദ്ധവും ദൈവികവുമായ കൂദാശയായി വിവാഹത്തെ അവിടുന്ന് കല്പിച്ചരുളിയതും അതുകൊണ്ടാണ്. പാവനമായ സൃഷ്ടി കർമ്മത്തിന്റെ സ്ഥായിയായ സ്വഭാവവും തുടർച്ചയുമായി, ദൈവവും മനുഷ്യനും തമ്മിലുള്ള സഹവർത്തിത്വവും പങ്കാളിത്തവും വഴി മനുഷ്യവർഗ്ഗത്തിന്റെ തുടർച്ചയ്ക്കും നിലനിൽപ്പിനും ഉള്ള ഉത്തരവാദിത്വവും അവകാശവും ദൈവതിരുഹിതത്തിനു വിധേയമായി മനുഷ്യനു നൽകുകയാണിവിടെ. ഉൽപത്തി 1:28-ലെ തിരുവചനങ്ങൾ ശ്രദ്ധിക്കുക- "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും, ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിയ്ക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ". - തികഞ്ഞ ആർജ്ജവത്തോടും പ്രാർത്ഥനാപൂർണ്ണമായ ഏകാഗ്രതയോടും കൂടി മാത്രം കൈകാര്യം ചെയ്യേണ്ട - അഭിമുഖീകരിക്കേണ്ട - അപകട സാധ്യതയേറിയ ജീവിത യാഥാർത്ഥ്യം. എത്രകണ്ട് നാമത് ഉൾക്കൊള്ളുന്നുവോ, അതിനനുസരിച്ചാവും കുടുംബജീവിതത്തിന്റെ വിജയവും സാഫല്യവും. ദൈവ പ്രമാണങ്ങളുടെ - പ്രത്യേകിച്ചും അഞ്ചാം പ്രമാണം മുതലുള്ളവയുടെ പാലനം, വൈവാഹിക - കുടുംബജീവിതത്തിന്റെ വിശുദ്ധിക്കും പൂർണ്ണതയ്ക്കും ഒഴിവാക്കാനാവില്ല. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള അവയുടെ ലംഘനം ദൈവം കല്പിച്ചരുളിയ ദൗത്യത്തിന്റെ പരാജയത്തിനു കാരണമാകും.

വിവാഹം എന്ന കൂദാശയുടെ യോഗ്യമായ സ്വീകരണം വഴി നിക്ഷിപ്തമാകുന്ന കടമകളിലും ഉത്തരവാദിത്വങ്ങളിലും, കരഗതമാകുന്ന അവകാശങ്ങളിലും ഒരുപോലെ പങ്കുകാരായി, അവ യഥോചിതം നിർവ്വഹിക്കുന്നതിലൂടെ ദൈവഹിതം നിറവേറ്റുന്ന ശ്രദ്ധാമനസ്ക്കരാകുക എന്ന അതീവ ഗൗരവതരമായ ദൗത്യമാണ് ദമ്പതിമാരുടേത്. യേശുക്രിസ്തുവിനെ സഭയുടെ ശിരസ്സും മണവാളനുമായി താരതമ്യപ്പെടുത്തുക വഴി, വിവാഹം എന്ന കൂദാശയുടെ പരിശുദ്ധിയും ഉൽകൃഷ്ടതയും എടുത്തുകാണിക്കുകയാണിവിടെ. ആത്മീയ ജീവനേകുന്ന കർത്താവായ യേശുവും ഭൗതികജീവന്റെ പങ്കാളികളായ ദമ്പതിമാരും ഒന്നു ചേരുന്ന സ്വർഗ്ഗീയ രഹസ്യമായി വിവാഹം ഉയർത്തപ്പെടുന്നു. പരസ്പര സഹവർത്തിത്വത്തിലൂന്നിയ, സമ്പൂർണ്ണമായ സമർപ്പണത്തിന്റെയും വിശ്വസ്തതയുടെയും ആവശ്യകതകൂടി ഇതുവഴി നാം മനസ്സിലാക്കേണ്ടതുണ്ട്.

വിവാഹത്തിന്റെ അദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ വശങ്ങൾ വിസ്മരിക്കുന്നതുമൂലമുണ്ടാകുന്ന ദുഃഖകരമായ, അനിവാര്യമായി ഭവിക്കുന്ന, ഭവിഷ്യത്തുകളുടെ, മാനുഷികാധഃപതനത്തിന്റെ അനുഭവങ്ങളെ ഒട്ടും ഗൗനിക്കാത്ത, കേവലം ഭൗതികമായ ആകർഷണങ്ങളിലും വികാരപരമായ അനുഭൂതികളിലും മാത്രം മനസർപ്പിക്കുന്ന പുതു തലമുറകളുടെ കാലഘട്ടത്തിലാണ് നമ്മൾ. ഒരു തരത്തിൽ പറഞ്ഞാൽ സോദോമും ഗമോറായും നിനവേയുമൊക്കെ പരാജയപ്പെട്ടു പിന്മാറുന്ന മാനസികാവസ്ഥയിലേക്ക് വളരു

# നിങ്ങൾക്കറിയാമോ?

ബീന തോമസ് ചേറേങ്ങാടൻ



ട്രാൻസ്ഫോർമറിനടുത്തു കൂടി പോകുമ്പോൾ എല്ലിന്റെയും തലയോട്ടിയുടെയും ചിഹ്നം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അപായം സൂചിപ്പിക്കാനാണ് ഇത് വയ്ക്കുന്നത്. ഇതെന്തുകൊണ്ടാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

1759ൽ ബ്രിട്ടീഷ് പട്ടാളത്തിന്റെ ഒരു വിഭാഗമായ 'ഡെത്ത് ഓർ ഗ്ലോറി ബോയ്സി'ന്റെ തൊപ്പിയിലെ ബാഡ്ജിൽ ഈ ചിഹ്നം ഉപയോഗിച്ചു തുടങ്ങിയെന്ന് ചരിത്രം. പുരാതനകാലം മുതൽക്കേ ശ്മശാന കവാടങ്ങളിൽ ഈ ചിഹ്നം വരച്ചു വയ്ക്കുമായിരുന്നു. 1786ൽ കാലിഫോർണിയയിൽ സെമിത്തേരി കവാടങ്ങളിൽ ഈ ചിഹ്നം വരച്ചിരുന്നു. വിഷമയമായ രാസവസ്തുക്കളും കീടനാശിനികളും സൂക്ഷിക്കുന്ന പാത്രങ്ങളിലും വാഹനങ്ങളിലും ഈ ചിഹ്നം വരച്ചു തുടങ്ങി. കാലിഫോർണിയയിൽ തുടങ്ങിയ ഈ ശൈലി 1870 കളോടെ ലോകവ്യാപകമായി.

കടപ്പാട് : കിളിവാതിൽ

ന്നവരുടെ കാലം. മുൻപ് സൂചിപ്പിച്ചതുപോലെ ദൈവം കനിഞ്ഞനുഗ്രഹിച്ച അപരിമേയമായ അനുഗ്രഹം, ഹീനവും അത്യന്തം പരിഹാസ്യവുമായി ദുരുപയോഗം ചെയ്യുന്ന, മനുഷ്യജന്മത്തെത്തന്നെ നിന്ദ്യമാക്കിത്തീർക്കുന്ന അധമ സംസ്ക്കാരത്തിനു പതിയേ പതിയേ വഴിമാറി കൊടുക്കുന്നതും നമ്മൾത്തന്നെയാണല്ലോ എന്ന ചിന്തപോലും ഭയമുളവാക്കുന്നു. കർത്താവായ ദൈവം, വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം നൽകുന്ന അനുഗ്രഹത്തെ ഉൽപത്തി 22:17 മുതലുള്ള തിരുവചനങ്ങൾ പാടെ തള്ളിക്കളയുന്ന സ്വഭാവ വൈകൃതങ്ങളുടെ അനന്തരഫലങ്ങൾ എന്തായിരിക്കും? ഏതു ജീവിതാന്തസ്സിലുള്ളവരായിരുന്നാലും ഇതിനു ഒരുനാൾ മറുപടി നൽകേണ്ടിവരും. ജീവിതകാലത്താവാം, മരണാനന്തര കാലത്താവാം, അതുറപ്പാണ്. ഒന്നിനു പത്തായും നൂറായുമൊക്കെ സംഭവിക്കാനിരിക്കുന്ന ഒന്ന്.

ഇത്തരം ജീവിത വൈകൃതങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തെ മറയാക്കി സാധൂകരിക്കാൻ പാടുപെടുന്ന സ്വാതന്ത്ര്യവാദികൾ, മനുഷ്യൻ എന്ന പദത്തിന് ദൈവം നൽകിയ പവിത്രത നഷ്ടപ്പെടുത്താൻ മടിയില്ലാത്ത അധികാര ശക്തികൾ ഇവരൊക്കെ സമൂഹത്തിന്റെ ധാർമ്മിക മനഃസാക്ഷിക്കുള്ള ചോദ്യചിഹ്നങ്ങളായി മാറുന്നു. "സ്വാതന്ത്ര്യം തന്നെ അമൃതം" എന്നു പാടി നടന്ന നമുക്ക് അത് തിരുത്തി പാടേണ്ട അവസ്ഥയാണിപ്പോൾ. ഉപ്പ് തിന്നുന്നവൻ നിശ്ചയമായും വെള്ളം കുടിച്ചേ തീരൂ. അതും ലോക നീതിയാണ്.

**മാംസം മാംസത്തെ ആകർഷിക്കുന്നിടത്തല്ല, ഹൃദയം ഹൃദയവുമായി വിശുദ്ധ സംവേദനം നടത്തുന്നിടത്താണ് യഥാർത്ഥമായ, ദൈവഹിതത്തിന് അനുസൃതമായ, സ്നേഹം, പ്രണയം എന്നൊക്കെ നാം വിളിക്കുന്ന അവസ്ഥ വിശേഷം ഉയിരെടുക്കുന്നതും ജീവിതമായി വളരുന്നതും.**

# ആരോഗ്യ ചിന്തകൾ



**ജെസ്റ്റിൻ ജോസ് എം.**

രോഗമില്ലാത്ത അവസ്ഥയാണല്ലോ ആരോഗ്യം. ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികളിൽ ശ്രദ്ധിക്കേണ്ട 3 ഘടകങ്ങളാണ് ഭക്ഷണം, ജീവിതശൈലി, പരിസ്ഥിതി എന്നിവ. ഈ മൂന്നു ഘടകങ്ങളെ വേറിട്ടു കാണാതെ അതിന്റെ സമഗ്രതയിൽ വീക്ഷിക്കാൻ നമുക്കാകണം. ആരോഗ്യപ്രശ്നം അടിസ്ഥാനപരമായി ഒരു സാമൂഹിക പ്രശ്നമാണ്. വ്യക്തിയും കുടുംബവും സമ്പന്നമാണെന്നതുകൊണ്ടു മാത്രം നല്ല ആരോഗ്യശീലങ്ങളായ സമീകൃതാഹാരം, മെച്ചപ്പെട്ട ജീവിതശൈലി, പരിസര ശുചിത്വം എന്നിവ പാലിക്കണമെന്നില്ല. അതു സാധിച്ചില്ലെങ്കിൽ എങ്ങനെ നമുക്ക് മെച്ചപ്പെട്ട ആരോഗ്യസ്ഥിതി കൈവരിക്കാനാകും? ഇക്കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ നമുക്കു മുന്നിൽ വരുന്ന പ്രധാനപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. പോഷകാഹാരകുറവ്, അശാസ്ത്രീയമായ മാലിന്യ സംസ്കരണം, കുടിവെള്ളത്തിന്റെ അശുദ്ധി, ഉപഭോഗ സംസ്കാരം തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടതാണ്. ഇതിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് പോഷകാഹാരക്കുറവാണ്. ലോകജനസംഖ്യയിൽ മുന്നിൽ നിൽക്കുന്നതുകൊണ്ടുതന്നെ ലോകത്തിലെ മൂന്നിലൊന്നു പട്ടിണിക്കാരും ഇന്ത്യക്കാരാണത്രെ. ഇന്ത്യയിൽ തൊണ്ണൂറു ശതമാനം പേരും ജീവകം Dയുടെ കുറവനുഭവപ്പെടുന്നവരായാണ് കണക്കാക്കുന്നത്. സമീകൃതാഹാരത്തിന്റെ കുറവാണിതിനു കാരണം. ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടക്കാത്തതാണ് രണ്ടാമത്തെ പ്രധാന ആരോഗ്യപ്രശ്നം. മാലിന്യ സംസ്കരണം സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമല്ല. ശുചിത്വകാര്യങ്ങളിൽ സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം, നമ്മുടെ വീട്ടിലെ മാലിന്യം മറ്റൊരിടത്തേയ്ക്കു വലിച്ചെറിയുന്ന മനോഭാവം നാം മാറ്റേണ്ടതുമുണ്ട്. മൂന്നാമത്തെ ആരോഗ്യപ്രശ്നമാണ് ശുദ്ധജലത്തിന്റെ ദൗർലഭ്യം. മനുഷ്യൻ നടത്തുന്ന ബോധപൂർവ്വം അല്ലാത്ത ജലമലിനീകരണമാണ് ഇതിനു കാരണം. പല പകർച്ചവ്യാധികളും അശുദ്ധ ജലത്തിൽ നിന്നാണ് ഉൽഭവിക്കുന്നത്. നമ്മിൽ വളർന്നുകൊണ്ടിരിക്കുന്ന ഉപഭോഗസംസ്കാരമാണ് അപകടകാരിയായ നാലാമത്തെ ആരോഗ്യ പ്രശ്നം. ഇത് പലപ്പോഴും അനാവശ്യവസ്തുക്കളുടെ അമിത ഉപഭോഗത്തിലേയ്ക്കും തുടർന്ന് വിവിധ രോഗങ്ങളിലേയ്ക്കും നമ്മെ പരോക്ഷമായി നയിക്കുന്നു. ശരിയായ ബോധവത്ക്കരണത്തിലൂടെ മാത്രമേ ഇത്തരം പ്രശന്ങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. സമൂഹത്തിന്റെ നല്ല ആരോഗ്യാവസ്ഥയ്ക്കുമാത്രമേ നമ്മുടെ ആരോഗ്യാവസ്ഥയെ നിലനിർത്താനാവൂ എന്ന സത്യം നാം തിരിച്ചറിയണം.

# സഭാവാർത്തകൾ



**സി. ഡെൽസ മരിയ FCC, മാപ്രാണം**

**1. കനീസിയൂസച്ചൻ ഇനി ദൈവദാസൻ :**

'ദൈവേഷ്ടം' - 'അതുമാത്രം, അതു മുഴുവൻ' എന്ന ആപ്തവാക്യം മുറുകെ പിടിച്ച് ജീവിക്കുന്ന വിശുദ്ധൻ എന്നറിയപ്പെട്ട ഫാ. കനീസിയൂസ് തെക്കേക്കര ഇനി ദൈവദാസൻ. കർമ്മലീത്ത സന്യാസസമൂഹത്തിന്റെ വളർച്ചയിൽ ഏറെ പങ്കുവഹിച്ച അദ്ദേഹം 1914 മെയ് 12ന് ആനന്ദപുരത്ത് ലോനപ്പൻ - മറിയം ദമ്പതികളുടെ മകനായി ജനിച്ചു. പ്രാർത്ഥനയും പരിത്യാഗവുമായി ജീവിതത്തിൽ ദൈവേഷ്ടം മാത്രം നിറവേറ്റിയ അച്ചന്റെ ദൈവദാസപ്രഖ്യാപനം മാർ പോളി കണ്ണൂക്കാടൻ, 2014 മാർച്ച് 29 ശനിയാഴ്ച 2.30ന് അമ്പഴക്കാട് ആശ്രമദേവാലയത്തിൽ നടത്തി. ധാരാളം വൈദികരും സന്യസ്തരും അല്മായരും ഈ വിശുദ്ധ നിമിഷത്തിന് സാക്ഷ്യം വഹിച്ചു.

**2. വത്തിക്കാൻ സെക്രട്ടറിയേറ്റ് ഫോർ ഇക്കോണമി :**

വത്തിക്കാന്റെ സാമ്പത്തിക ഭരണകാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിന് ഫ്രാൻസീസ് മാർപാപ്പ "സെക്രട്ടറിയേറ്റ് ഫോർ ഇക്കോണമി" എന്ന പേരിൽ പുതിയ സംവിധാനം ഏർപ്പെടുത്തി. ഓസ്ട്രേലിയായിലെ സിഡ്നി ആർച്ചു ബിഷപ്പ് കാർഡിനൽ ജോർജ്ജ് വെൽ ആണ് ഇതിന്റെ തലവൻ. 15 അംഗ ഇക്കോണമി കൗൺസിൽ രൂപീകരിച്ചിട്ടുമുണ്ട്.

**3. മാർ ബോസ്കോ പുത്തൂർ മെൽബൺ ബിഷപ്പ് :**

മെൽബൺ സെന്റ് തോമസ് രൂപതയുടെ സ്ഥാപനവും പ്രഥമ മെത്രാൻ മാർ ബോസ്കോ പുത്തൂരിന്റെ സ്ഥാനാരോഹണവും മാർച്ച് 25ന് സമുചിതമായി നടത്തപ്പെട്ടു. ഈസ്റ്റ് മെൽബണിലെ സെന്റ് പാട്രിക് കത്തീഡ്രലിൽ വൈകീട്ട് 7 മണിക്ക് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിലാണ് തിരുകർമ്മങ്ങൾ നടത്തപ്പെട്ടത്.

**4. വിവാഹത്തെക്കുറിച്ചുള്ള സഭാപ്രബോധനം :**

കത്തോലിക്കർക്കിടയിൽ സഭാപ്രബോധനത്തെപ്പറ്റിയുള്ള അജ്ഞത വളരെ ഖേദകരമാണ്. എന്നാൽ വിവാഹത്തിന്റെ അഭേദ്യതയെക്കുറിച്ചുള്ള സഭാപ്രബോധനത്തെക്കുറിച്ച് അനേകം കത്തോലിക്കർ അജ്ഞരാണ് എന്നതുകൊണ്ട് ആ പ്രബോധനം മാറ്റാനാവില്ലെന്ന് വത്തിക്കാൻ വിശ്വാസ കാര്യാലയം അദ്ധ്യക്ഷൻ ഗെർഡാർഡ് മുള്ളർ പ്രസ്താവിച്ചു. കുടുംബങ്ങളുടെ അജപാലനത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിന് ചേർന്ന കാർഡിനൽ സംഘത്തിന്റെ യോഗത്തിനുശേഷം പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**5. ഏപ്രിൽ 27ന് രണ്ട് മാർപാപ്പമാർ വിശുദ്ധപദവിയിലേക്ക് :**

കത്തോലിക്കാ സഭയിൽ ഒരു പുതിയ പെന്തക്കോസ്തായ്ക്ക് അവസരമൊരുക്കി രണ്ടാം വത്തിക്കാൻ കൗൺസിലിന് തുടക്കം കുറിച്ച ജോൺ

23-ാമൻ മാർപാപ്പയും വിശ്വവിഖ്യാതി നേടിയ ജോൺപോൾ രണ്ടാമൻ മാർപാപ്പയും വാഴ്ത്തപ്പെട്ടവരുടെ പദവിയിൽ നിന്ന് വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടു. ഇതിനോടനുബന്ധിച്ച് അവരുടെ വെങ്കലത്തിലും വെള്ളിയിലുമുള്ള മെഡലുകൾ വത്തിക്കാനിലെ സ്റ്റാമ്പ് നാണയ കാര്യങ്ങളുടെ ഓഫീസ് പുറത്തിറക്കുകയുണ്ടായി. ഏപ്രിൽ 27ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ പദവി പ്രഖ്യാപന ചടങ്ങിന് ലോകത്തിലെ നാനാ ഭാഗങ്ങളിൽ നിന്നുമായി 20 ലക്ഷത്തിലധികം ജനങ്ങൾ എത്തിച്ചേർന്നു.

**6. ചാവറയച്ചനും എവുപ്രാസ്യമ്മയും വിശുദ്ധപദവിയിലേക്ക് :**

CMI സഭാസ്ഥാപകരിൽ പ്രമുഖനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും എവുപ്രാസ്യമ്മയും വിശുദ്ധ പദവിയിലേക്ക്. ഇരുവരുടേയും മാധ്യസ്ഥത്താൽ നടന്ന അത്ഭുതങ്ങൾ കത്തോലിക്കസഭ ഔദ്യോഗികമായി അംഗീകരിക്കുന്ന പ്രഖ്യാപനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ചു. രണ്ടുപേരേയും വൈകാതെ വിശുദ്ധരായി പ്രഖ്യാപിക്കും.

---

## മെയ് മാസത്തിലെ യൂണിറ്റ് വാർഷികങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | കോമ്പാറക്കാരൻ ജോണി ജോൺസൺ | 11-05-14 | 5.00 p.m. |
| സെന്റ് ജോർജ്ജ് | അറയ്ക്കൽ ആന്റണി ജോസ് | 11-05-14 | 5.30 p.m. |
| സെന്റ് ജോൺ II | പള്ളിത്തറ ജോർജ്ജ് ഷാജൻ | 11-05-14 | 6.30 p.m. |
| സെന്റ് അൽഫോൻസ | തട്ടിൽ മണി ചാക്കപ്പൻ ലോനപ്പൻ | 12-05-14 | 7.00 p.m. |
| സെന്റ് മേരീസ് II | കളത്തിങ്കൽ ദേവസ്സി ജോർജ്ജ് | 13-05-14 | 6.30 p.m. |
| ഇൻഫന്റ് ജീസസ് കുടുംബസമ്മേളനം | പന്തലിപ്പാടൻ കൊച്ചുദേവസി ജെയ്സൺ | 04-05-2014 | 3.15 p.m. |

**വായിക്കേണ്ട വചന ഭാഗം : വി.ലൂക്ക 1:46-56**

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | ചെങ്ങാലൂക്കാരൻ | ജോഫി+അൻസ | ആഞ്ചിയ ജോഫി (മേരി) | 22-11-2013 | 09-03-2014 |
| എടതിരുത്തി | ചിറ്റിലപ്പിള്ളി | ജെൽസൺ+ചിഞ്ചു | നൈൽ (റാഫേൽ) | 12-02-2014 | 07-04-2014 |
| മാപ്രാണം | മാളിയേക്കൽ | ജിമ്മി+അനു | എയ്ഡൻ ജിമ്മി (തോമസ്) | 20-02-2014 | 22-03-2014 |

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..........................................................................................

വീട്ടുപേര് ..........................................................................................

മതബോധന ക്ലാസ്സ് ..............................യൂണിറ്റ്..............................

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി മെയ് 15



# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- ന്യൂസ്പേപ്പർ ബോയ് എന്ന വിശ്രുത ചലച്ചിത്രത്തിലൂടെ നിയോ റിയലിസത്തിന്റെ ശക്തി സൗന്ദര്യങ്ങൾ ആദ്യമായി മലയാള സിനിമയിലെത്തിച്ച പി. രാമദാസ് അന്തരിച്ചു.
- ഇന്ത്യയെ പോളിയോ വിമുക്തരാജ്യമായി ലോകാരോഗ്യസംഘടന ഔദ്യോഗികമായി പ്രഖ്യാപിച്ചു.
- വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയും വിശുദ്ധ പദവിയിലേക്ക്. ഇരുവരുടേയും മാധ്യസ്ഥത്താൽ നടന്ന അത്ഭുതങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുന്ന പ്രഖ്യാപനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ചു.
- R. ഗാന്ധിയെ RBI യുടെ ഡെപ്യൂട്ടി ഗവർണറായി നിയമിച്ചു.
- ശനിയുടെ ചെറിയ ഉപഗ്രഹങ്ങളിലൊന്നായ എൻസിലാഡസിന്റെ ഉൾഭാഗത്തു കടലിന്റെ തിരയിളക്കം കണ്ടെത്തിയതായി ശാസ്ത്രജ്ഞർ.
- ജർമനിയെയും ചൈനയെയും ബന്ധിപ്പിക്കുന്ന 12000 K.M. നീളമുള്ള റയിൽപ്പാത പൂർത്തിയായാൽ ലോകത്തിലെ ഏറ്റവും നീളമുള്ള റയിൽപാതയായി തീരും.
- രാജ്യത്തിനു സ്വന്തമായി ഗതിനിർണയ സംവിധാനം വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള 2-ാമത്തെ ഗതിനിർണ്ണയ ഉപഗ്രഹം "ഐ.ആർ.എൻ.എസ്.എസ്. ഒന്ന് ബി" യുടെ വിക്ഷേപണം വിജയകരം
- ട്വന്റി 20 വനിതാ ലോകകപ്പിൽ ഓസ്ട്രേലിയയ്ക്ക് ഹാട്രിക് കിരീടം. ഇംഗ്ലണ്ടിനെ 6 വിക്കറ്റിനാണ് തോൽപ്പിച്ചത്.
- കർണാടക ടീം റെയിൽവേസിനെ തോൽപ്പിച്ച് വിജയ് ഹസാരെ ട്രോഫി സ്വന്തമാക്കി.
- സീസണിലെ ആദ്യ ഫോർമുല 1 കാറോട്ട മത്സരമായ ഓസ്ട്രേലിയൻ ഗ്രാൻപ്രിയിൽ മെഴ്സിഡീസിന്റെ ജർമൻക്കാരൻ നിക്കോ റോസ്ബർഗ് ജേതാവായി.
- തലമുറകളുടെ ക്രിക്കറ്റ് താരമായി ഇഎസ്.പി.എൻ. ക്രിക്കിൻഫോ വെബ്സൈറ്റ് ഇന്ത്യയുടെ സച്ചിൻ തെണ്ടുൽക്കറെ തിരഞ്ഞെടുത്തു.
- യുറേഷ്യ ഭൂഖണ്ഡത്തിലേയ്ക്ക് ഇന്ത്യഉപഭൂഖണ്ഡം ഇടിച്ചുകയറിയപ്പോഴാണ് ഹിമാലയ പർവ്വതനിരകളും ലോകത്തിലെ ഏറ്റവും ഉയരം കൂടിയ എവറസ്റ്റ് കൊടുമുടിയും രൂപപ്പെട്ടതെന്ന് ഭൗമശാസ്ത്രജ്ഞർ.
- കടലിലൂടെ പായ്ക്കപ്പലിൽ ഏകനായി ഒരിടത്തും നിർത്താതെ ലോകം ചുറ്റിയ മലയാളി നാവികൻ കമാൻഡർ അഭിലാഷ് ടോമിക്ക് രാഷ്ട്രപതി പ്രണബ് മുഖർജി കീർത്തിചക്ര പുരസ്കാരം സമ്മാനിച്ചു.

# ബൈബിള്‍ കലണ്ടര്‍ : മെയ് - 2014

| ഞായര്‍ | തിങ്കള്‍ | ചൊവ്വ | ബുധന്‍ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>മത്താ 13:53 - 58<br>കൊളോ 3:14 - 17 | **2**<br>മര്‍ക്കോ 4:1 - 9<br>1 കോറി 1:18 - 24 | **3**<br>യോഹ 14:1 - 6<br>1 കോറി 9:16 - 23 |
| **4**<br>യോഹ 14:1 - 14<br>എഫേ 1:3 - 14<br>ഏശ 56:1 - 7 | **5**<br>മത്താ 25:1 - 13<br>യാക്കോ 5:7 - 12 | **6**<br>മര്‍ക്കോ 4:13 - 20<br>1 തെസ 5:12 - 22 | **7**<br>മത്താ 8:1 - 4<br>ഫിലി 1:21 - 26 | **8**<br>മര്‍ക്കോ 4:35 - 41<br>2 കോറി 8:1 - 11 | **9**<br>ലൂക്കാ 6:6 - 11<br>റോമാ 15:1 - 6 | **10**<br>ലൂക്കാ 6:46 - 49<br>യാക്കോ 2:14 - 17 |
| **11**<br>യോഹ 15:16 - 24<br>എഫേ 2:1 - 7<br>ഏശ 49:13 - 23 | **12**<br>ലൂക്കാ 20:9 - 16<br>1 തിമോ 6:13 - 16 | **13**<br>മത്താ 19:23 - 30<br>1 തിമോ 6:17 - 21 | **14**<br>മത്താ 11:25 - 30<br>1 കോറി 1:26 - 30 | **15**<br>മത്താ 15:1 - 9<br>2 പത്രോ 2:1 - 3 | **16**<br>മര്‍ക്കോ 6:35 - 44<br>എഫേ 5:13 - 21 | **17**<br>മര്‍ക്കോ 6:1 - 6<br>1 കോറി 14:20 - 25 |
| **18**<br>യോഹ 21:1 - 14<br>ഹെബ്രാ 10:19 - 25<br>ഏശ 49:7 - 13 | **19**<br>ലൂക്കാ 11:29 - 32<br>1 പത്രോ 4:12 - 19 | **20**<br>മത്താ 21:18 - 22<br>യാക്കോ 1:22 - 27 | **21**<br>യോഹ 3:1 - 8<br>കൊളോ 3:5 - 11 | **22**<br>യോഹ 5:24 - 29<br>ഹെബ്രാ 3:7 - 13 | **23**<br>മത്താ 15:10 - 20<br>1 കോറി 2:1 - 5 | **24**<br>യോഹ 15:26 - 16:4<br>ഹെബ്രാ 7:11 - 17 |
| **25**<br>യോഹ 17:20 - 26<br>എഫേ 2:11 - 22<br>ഏശ 52:7 - 12 | **26**<br>മത്താ 23:23 - 28<br>1 പത്രോ 2:1 - 5 | **27**<br>മര്‍ക്കോ 13:32 - 37<br>2 പത്രോ 3:10 - 13 | **28**<br>യോഹ 15:11 - 17<br>എഫേ 5:1 - 5 | **29**<br>ലൂക്കാ 24:44 - 53<br>1 തിമോ 2:1 - 7 | **30**<br>യോഹ 3:31 - 36<br>ഫിലി 3:12 - 15 | **31**<br>മത്താ 3:7 - 12<br>1 കോറി 7:32 - 35 |